ജില്ലയിലെ തുഷാരഗിരി സാഹസിക ടൂറിസത്തിന് പ്രാധാന്യമർഹിക്കുന്ന ഒരു വിനോദസഞ്ചാര കേന്ദ്രമാണ്. കോഴിക്കോട് നഗരത്തിൽ നിന്നും 50 കി. മീ. അകലെ സ്ഥിതി ചെയ്യുന്ന ടി കേന്ദ്രത്തിലേക്ക് പ്രത്യേക യാത്രസൗകര്യങ്ങളൊന്നും ഏർപ്പെടുത്തിയിട്ടില്ല. കോഴിക്കോട് നിന്നും കോടഞ്ചേരി വരെ ബസ്മാർഗ്ഗവും അവിടെ നിന്ന് സ്വകാര്യ ജീപ്പ് സർവ്വീസും ടി കേന്ദ്രത്തിലേക്ക് നടത്തുന്നുണ്ട്.

(ബി) വയനാട് ജില്ലയുടെ ടൂറിസം പ്രാധാന്യം വ്യക്തമാക്കുന്ന വിശദമായ ബ്രോഷർ തയ്യാറാക്കുകയും ആയത് വിനോദ സഞ്ചാരികൾക്ക് നൽകുന്നതിനായി കോഴിക്കോട് റെയിൽവേ സ്റ്റേഷൻ, ഡി. ടി. പി. സി. ഓഫീസ് എന്നിവിടങ്ങളിൽ നൽകുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് നിന്നും വയനാട്ടിലേക്ക് കണ്ടക്ടഡ് ടൂർ നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ വിവിധ ടൂറിസം കേന്ദ്രങ്ങളുടെ ചിത്രങ്ങൾ റയിൽവേ സ്റ്റേഷൻ, ബസ് സ്റ്റാൻഡ് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ബേപ്പൂരിലെ ഹാർബറും പുലിമുട്ടും ടൂറിസ്റ്റ് കേന്ദ്രമായി വികസിപ്പിക്കാൻ നടപടി

22 [2734] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂരിലെ ഹാർബറും പുലിമുട്ടും സന്ദർശിക്കുന്നതിനായി ധാരാളം ടൂറിസ്റ്റുകൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവിടെ ഒരു കിലോമീറ്ററോളം ദൂരം കടലിലേക്കു നീണ്ടുകിടക്കുന്ന പുലിമുട്ടിലൂടെ കടൽ കാണാൻ വരുന്ന ടൂറിസ്റ്റുകൾക്ക് അനുഭവപ്പെടുന്ന അസൗകര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശ ടൂറിസ്റ്റുകൾക്ക് സൗകര്യപ്രദമായി ഇവിടെ സന്ദർശിക്കാനും, വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കാനുംവേണ്ടി തയ്യാറാക്കിയ ജില്ലാ പഞ്ചായത്തിന്റെ ടൂറിസം പ്ലാൻ പരിശോധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ;

(ഇ) എത്രയും വേഗം പദ്ധതി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി—ഇ) പരിശോധിച്ചു വരുന്നു.

2/53/2013—9a.